ഉത്തരം

(എ) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിഗണന നൽകുന്നുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ്

144 [3845] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സ്റ്റൈപ്പെന്റ് കൈപ്പറ്റുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എത്ര മാസത്തെ സ്റ്റൈപ്പെന്റ് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) സ്റ്റൈപ്പന്റ് കുടിശ്ശിക ലഭിക്കാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടെ അദ്ധ്യയനം മുടങ്ങുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗവിഭാഗത്തിൽ പ്രീ മെട്രിക്കുലേഷൻ തലത്തിൽ 72,398 വിദ്യാർത്ഥികളും (68,460-എസ്.റ്റി., 3938-ഒ.ഇ.സി.) പോസ്റ്റ് മെട്രിക് തലത്തിൽ 6,402 വിദ്യാർത്ഥികളും (5,755-എസ്.റ്റി., 647-ഒ.ഇ.സി.) വിദ്യാഭ്യാസാനുകൂല്യം കൈപ്പറ്റുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ഈ വിഭാഗം വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ 2004 ഒക്ടോബർ മാസം മുതലുള്ള സ്റ്റൈപ്പെന്റ് കുടിശ്ശികയാണ്.

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരികയാണ്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ഡി) ഇതുമൂലം കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കുടിശ്ശിക തീർത്തു നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly